**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

| **നക്ഷത്രചിഹ്നമിട്ട ചോദ്യം നം.746** | **07.11.2016-ൽ മറുപടിയ്ക്ക്** |
|---|---|

**മാലിന്യം കുറയ്ക്കുന്നതിനും പ്രകൃതി സൗഹൃദ സാമഗ്രികൾ ഉപയോഗിക്കുന്നതിനും കർമ്മ പദ്ധതി**

| | **ചോദ്യം** | | **ഉത്തരം** |
|---|---|---|---|
| | **ശ്രീ.വി.ഡി.സതീശൻ<br>എൽദോസ് കുന്നപ്പിള്ളി<br>അടൂർ പ്രകാശ്<br>അൻവർ സാദത്ത്** | | **ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി** |
| (എ) | മാലിന്യം കുറയ്ക്കുന്നതിനും പ്രകൃതി സൗഹൃദ സാമഗ്രികൾ ഉപയോഗിക്കുന്നതിനും പ്രചാരം നൽകാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | മാലിന്യ ഉത്പാദനത്തിന്റെ തോത് കുറയ്ക്കുന്നതിന്റെ ഭാഗമായി ശുചിത്വമിഷന്റെ പിൻതുണയോടെ നടപ്പിലാക്കുന്ന പദ്ധതിയാണ് "ഗ്രീൻ പ്രോട്ടോകോൾ". പ്ലാസ്റ്റിക്കും പേപ്പറും ഉൾപ്പടെയുള്ള ഡിസ്പോസിബിൾ സാമഗ്രികളുടെ ഉപയോഗം കർശനമായി തടയുകയും പകരം പ്രകൃതി സൗഹൃദ സാമഗ്രികൾ ഉപയോഗിക്കുന്നതിന് വേണ്ടി ജനങ്ങളെ ബോധവത്കരിക്കുകയും ചെയ്യുക എന്നതാണ് കാമ്പയിനിന്റെ ലക്ഷ്യം. സംസ്ഥാനത്തെ പ്രധാന ആഘോഷങ്ങളും, ഉത്സവങ്ങളും സർക്കാർ-സർക്കാരിതര പരിപാടികളും (ഉദാ:ആറ്റുകാൽ പൊങ്കാല, സംസ്ഥാന സ്കൂൾ യുവജനോത്സവം, ദേശീയ ഗെയിംസ് 2015, ദേശീയ സ്കൂൾ കായിക മേള തുടങ്ങിയവ) ഇത്തരത്തിൽ വിജയകരമായി ഗ്രീൻ പ്രോട്ടോകോൾ നടപ്പാക്കി വിജയം കണ്ടിട്ടുള്ളതാണ്. ജൈവമാലിന്യം ഉറവിടത്തിൽ തന്നെ കമ്പോസ്റ്റ് ചെയ്യുന്നതിനും, അജൈവമാലിന്യം തരം തിരിച്ച് വൃത്തിയാക്കി പുന: ചംക്രമണത്തിനായി കൈമാറുന്നതിനുമുള്ള നടപടികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കി വരുന്നു. മാലിന്യം കുറയ്ക്കുന്നതിനും പ്രകൃതി സൗഹൃദ വസ്തുക്കൾ ഉപയോഗിക്കുന്നതിനുമുള്ള വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ ശുചിത്വ മിഷൻ മുഖേന നടപ്പിലാക്കി വരുന്നു. |
| (ബി) | ഇതിനായി ഗ്രീൻ ഈവന്റുകൾ സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (ബി) | മുകളിൽ സൂചിപ്പിച്ച പ്രകാരം തുടർന്നും ഇത്തരം ഗ്രീൻ ഇവന്റുകൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. |
| (സി) | ഗ്രീൻ ഈവന്റുകൾ ആരാണ് സംഘടിപ്പിക്കുന്നത്; വിവരിക്കുമോ; | (സി) | ശുചിത്വ മിഷന്റെ സാങ്കേതികമായ നിർദ്ദേശങ്ങൾക്ക് അനുസൃതമായി അതത് സ്ഥാപനങ്ങൾ തന്നെയാണ് ഗ്രീൻ ഇവന്റുകൾ സംഘടിപ്പിക്കുന്നത്. |
| (ഡി) | ആരുടെയെല്ലാം പങ്കാളിത്തമാണ് ഇതിന് പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ? | (ഡി) | വിവിധ സന്നദ്ധ സംഘടനകളുടെയും, സർക്കാർ സർക്കാരിതര സ്ഥാപനങ്ങളുടെയും, സ്കൂൾ, കോളേജ് തല സംഘടനകളായ എൻ. എസ്.എസ്, എൻ.സി.സി, എസ്.പി.സി, ഭാരത് സ്കൗട്ട് & ഗൈഡ്സ്, നെഹ്റു യുവ കേന്ദ്ര, യൂത്ത് വെൽഫെയർ ബോർഡ്, തുടങ്ങിയ സംഘടനകളുടെയും സഹകരണവും പങ്കാളിത്തവും പ്രയോജനപ്പെടുത്തുവാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ